بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**
**സംഗ്രഹം**
**13-02-2026**

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹൃദ്യമായ ദൈവാരാധന

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۞ الرَّحۡمٰنِ الرَّحِیۡمِ ۞ مٰلِکِ یَوۡمِ الدِّیۡنِ ۞ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۞
اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۞ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ۞

തശഹ്ഹുദ് തഅവ്വുദ് സൂറ: ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) പറഞ്ഞു:

ഈ കാലഘട്ടത്തിൽ തിരുനബിയുടെ യഥാർഥ ദാസനായ വാഗ്ദത്ത് മഹ്ദീ മസീഹിൽ(അ) ആണ് നബി തിരുമേനി(സ)യുടെ മാതൃക ഏറ്റവും കൂടുതൽ പിന്തുടരുന്ന കാഴ്ചകൾ നമുക്ക് കാണാൻ സാധിക്കുന്നത്. നബി തിരുമേനി(സ)യുടെ ആരാധനയെക്കുറിച്ചും തന്റെ അനുയായികൾക്ക് അതുസംബന്ധിച്ച് നല്കിയ നിർദേശങ്ങളെക്കുറിച്ചും കഴിഞ്ഞ ഖുത്ബകളിൽ വിവരിക്കുകയുണ്ടായി. ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യജമാനപ്രഭുവായ നബി തിരുമേനി(സ)യെ പിന്തുടരുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായതും നമുക്ക് ലഭിച്ചതുമായ സംഭവങ്ങൾ ഞാൻ വിവരിക്കാം.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് റിപ്പോർട്ട് ചെയ്യുന്നു: ഗുർദാസ്പൂർ ജില്ലയിലെ ലംഗർവാൾ സ്വദേശിയായ മിർസാ മുഹമ്മദ് ദീൻ സാഹിബ് അദ്ദേഹത്തിന് ഇപ്രകാരം എഴുതി അറിയിച്ചു: 'ഞാൻ എന്റെ കുട്ടിക്കാലം മുതൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടുവരുന്നതാണ്. ആദ്യമായി ഞാൻ അദ്ദേഹത്തെ മിർസാ ഗുലാം മുർതസാസാഹിബിന്റെ ജീവിതകാലത്താണ് കണ്ടത്. അന്ന് ഞാൻ വെറും കുട്ടിയായിരുന്നു. അദ്ദേഹത്തിന്റെ ശീലം രാത്രി ഇശാഅ് നമസ്കാരത്തിന് ശേഷം വേഗം ഉറങ്ങുകയും പിന്നീട് ഏകദേശം ഒരു മണിയോടെ തഹജ്ജുദിനായി എഴുന്നേൽക്കുകയും ചെയ്യുക എന്നതായിരുന്നു. തഹജ്ജുദ് നമസ്കരിച്ച ശേഷം അദ്ദേഹം ഖുർആന്റെ തിലാവത്ത് ചെയ്തുകൊണ്ടിരിക്കും. പിന്നീട് സുബഹി ബാങ്കിനുശേഷം സുന്നത്ത് നമസ്കാരങ്ങൾ വീട്ടിൽ വച്ച് നിർവഹിക്കുകയും നമസ്കാരത്തിനായി മസ്ജിദിലേക്ക് പോകുകയും ജമാഅത്തായി നമസ്കരിക്കുകയും ചെയ്യും. നമസ്കാരത്തിന് ചിലപ്പോൾ അദ്ദേഹം തന്നെ നേതൃത്വം വഹിക്കും, ചിലപ്പോൾ മസ്ജിദിലെ ഇമാം മിയാൻ ജാൻ മുഹമ്മദ് സാഹിബ് നമസ്കാരത്തിന് നേതൃത്വം നല്കും. നമസ്കാരത്തിന് ശേഷം വന്ന് അല്പനേരം ഉറങ്ങുമായിരുന്നു. ഞാൻ അദ്ദേഹത്തെ മസ്ജിദിൽ വച്ച് സുന്നത്ത് നമസ്കരിക്കുന്നത് കണ്ടിട്ടില്ല.'

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു: 'ഞാൻ ഒരിക്കലും കഠോരമായ സാധനാമുറകൾ(റിയാളത്തുകൾ) നടത്തിയിട്ടില്ല. ഇപ്പോഴത്തെ ചില സൂഫികളെപ്പോലെ കഠിനമായ ആത്മീയ പോരാട്ടങ്ങളിൽ (മുജാഹിദകൾ) മനസ്സിനെ വ്യാപൃതമാക്കിയിട്ടുമില്ല. സുന്നത്തിന് വിരുദ്ധമായി അല്ലാഹുവിന്റെ വചനമായ ഖുർആനിൽ നിന്നും ആക്ഷേപത്തിനു

വകയുള്ള തരത്തിലുള്ള ഏകാന്തവാസം അനുഷ്ഠിക്കാനായി യാതൊരു ചില്ലാകശിയും (നാല്പതു നാൾ തപോയജ്ഞവും) അനുഷ്ഠിച്ചിട്ടില്ല. യാതൊരു സന്യാസ രീതിയും പിന്തുടർന്നിട്ടില്ല.'

തുടർന്ന് ആ മഹാത്മാവ് പറയുന്നു: 'വന്ദ്യപിതാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ വഫാത്ത് സമയം അടുത്തപ്പോൾ ഒരു വൃദ്ധനായ നിർമല സ്വരൂപനായ ഒരു മഹാപുരുഷനെ ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. വാനലോക പ്രകാശങ്ങളെ സ്വീകരിക്കാനായി ഏതാനും നോമ്പുകൾ അനുഷ്ഠിക്കുന്നത് പ്രവാചകകുലത്തിന്റെ സുന്നത്താണെന്ന് അദ്ദേഹം പറയുകയുണ്ടായി. തുടർന്ന് ആ മഹാത്മാവ് പറയുന്നു: അപ്രകാരം കുറച്ചുകാലം നോമ്പ് നോൽക്കുന്നത് ഞാൻ ഉചിതമാണെന്ന് കരുതി. എന്നാൽ ഇക്കാര്യം രഹസ്യമായി ചെയ്യുന്നതാണ് ഉത്തമം എന്ന് കരുതി ഞാൻ വീട്ടിൽനിന്ന് പുരുഷന്മാർ ഇരിക്കുന്ന സ്ഥലത്തേക്ക് ഭക്ഷണം വരുത്തുകയും പിന്നീട് ആ ഭക്ഷണം രഹസ്യമായി ചില അനാഥകുട്ടികൾക്ക് നല്കുകയും ചെയ്യുമായിരുന്നു. അല്ലാഹുവിനല്ലാതെ ഈ നോമ്പുകളെക്കുറിച്ച് ആർക്കും അറിവില്ലായിരുന്നു. രണ്ടുമൂന്നാഴ്ചകൾക്ക് ശേഷം ഞാൻ ഭക്ഷണം കുറച്ചുകൊണ്ടുവന്നു. അവസാനം ഒരു പകലും രാത്രിയും കൂടി ഒരു റൊട്ടിയിൽ ഒതുക്കി. ഇപ്രകാരം ഭക്ഷണം കുറച്ചു കൊണ്ടിരുന്നു, അവസാനം 24 മണിക്കൂറിൽ അല്പം റൊട്ടി മാത്രം. ഏകദേശം എട്ടു ഒമ്പത് മാസം വരെ ഞാൻ ഇപ്രകാരം ചെയ്തു. ഭക്ഷണത്തിന്റെ ഇത്രയും കുറഞ്ഞ അളവ് രണ്ടു മൂന്നു മാസം പ്രായമുള്ള ഒരു കുട്ടിക്ക് പോലും സഹിക്കാൻ സാധിക്കില്ലെങ്കിലും അല്ലാഹു എന്നെ എല്ലാ വിപത്തുകളിൽ നിന്നും ആപത്തുകളിൽ നിന്നും സംരക്ഷിച്ചു.

ആ കാലയളവിലെ നോമ്പിന്റെ അത്ഭുതങ്ങളിൽ എനിക്ക് അനുഭവപ്പെട്ടത് അക്കാലത്ത് എനിക്ക് വെളിപ്പെട്ട സൂക്ഷ്മമായ മുകാശ്ഫാത്തുകളാണ് (ജാഗ്രതാ ദർശനങ്ങൾ). പല മുൻ പ്രവാചകന്മാരുമായുംകൂടിക്കാഴ്ചകൾ ഉണ്ടായി. ഒരിക്കൽ തികഞ്ഞ ജാഗ്രതാവസ്ഥയിൽ നബി തിരുമേനി (സ)യെയും ഹസൻ(റ),ഹുസൈൻ(റ),ഹദ്റത്ത് അലി(റ), ഹദ്റത്ത് ഫാത്തിമ(റ)എന്നിവരെയും കാണുകയുണ്ടായി. ഇതൊരു സ്വപ്നമായിരുന്നില്ല, മറിച്ച് ഉണർവിന്റെ തന്നെ ഒരു അവസ്ഥാവിശേഷമായിരുന്നു.

ഒരു റിപ്പോർട്ടിൽ ഇപ്രകാരം വരുന്നു: മിർസാ സാഹിബ് ഒരിക്കൽ വീടിന്റെ മട്ടുപ്പാവിൽ നിന്ന് താഴെ വീഴുകയും കഠിനമായ പരിക്കേൽക്കുകയും ചെയ്തു. അദ്ദേഹത്തിന് ബോധം വന്നപ്പോൾ ചോദിച്ചത് നമസ്കാരത്തിന് സമയമായോ എന്നാണ്. നമസ്കാരത്തോട് അത്ര മാത്രം സ്നേഹമായിരുന്നു. അദ്ദേഹം ഇത് പറഞ്ഞുതരുമ്പോൾ ഞാൻ കുട്ടിയായിരുന്നു. മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. 1895-ൽ റമദാൻ മാസം ഖാദിയാനിൽ ചെലവഴിക്കാൻ ഇടയായപ്പോൾ മാസം മുഴുവൻ ഹദ്റത്ത് സാഹിബിന്റെ പിന്നിൽ തഹജ്ജുദ് നമസ്കാരം അഥവാതറാവീഹ് നിർവഹിച്ചു. അദ്ദേഹം വിത്ർ നമസ്കാരം രാത്രിയുടെ ആദ്യയാമത്തിൽ നിർവഹിക്കാറായിരുന്നു ശീലം. രാത്രിയുടെ അന്ത്യയാമത്തിൽ എട്ടു റക്അത്ത് തഹജ്ജുദ് നമസ്കാരം ഈരണ്ട് റക്അത്തുകളായി നിർവഹിക്കും.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഹദ്റത്ത് അമ്മാ ജാൻ നുസ്രത്ത് ജഹാൻ ബീഗം സാഹിബയുടെ ഒരു റിപ്പോർട്ട് വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) അഞ്ചു നേര നമസ്കാരം കൂടാതെ പൊതുവെ രണ്ടു തരത്തിലുള്ള നഫ്ലുകൾ നിർവഹിക്കാറുണ്ടായിരുന്നു എന്ന് മാതാവ് വിവരിച്ചു. ഒന്ന്, ഇശ്റാഖ് നമസ്കാരം രണ്ടോ നാലോ റക്അത്ത്. ഇത് അദ്ദേഹം വല്ലപ്പോഴും മാത്രമാണ് നിർവഹിച്ചിരുന്നത്. രണ്ടാമത്തേത് തഹജ്ജുദ് നമസ്കാരം എട്ടു റക്അത്ത്. ഇത് അദ്ദേഹം എപ്പോഴും നിർവഹിക്കുമായിരുന്നു, കഠിനമായ രോഗാവസ്ഥയിലല്ലാതെ. അത്തരം സാഹചര്യങ്ങളിലും തഹജ്ജുദ് സമയത്ത് കിടക്കയിൽ കിടന്നുകൊണ്ട് തന്നെ അദ്ദേഹം ദുആ ചെയ്യുമായിരുന്നു. അവസാന കാലത്ത് ബലഹീനത കാരണം പൊതുവെ ഇരുന്നുകൊണ്ടാണ് ദുആ ചെയ്തിരുന്നത്.

ഹദ്റത്ത് മൗലവി യഅ്ഖൂബ് അലി സാഹിബ് എഴുതുന്നു: കേസുകൾക്കായി അദ്ദേഹം പോയി

രുന്നത് തന്റെ പിതാവിനെ അനുസരിക്കുക എന്ന കടമ നിർവഹിക്കാനായിരുന്നു. അവിടെ കേസുകൾക്കിടയിൽ ഒരു നമസ്കാരം പോലും ഖളാഅ് (സമയം തെറ്റുക) ആകരുത് എന്ന കാര്യത്തിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. അദ്ദേഹത്തിന് ഖുർആനോടും നബി തിരുമേനി (സ)യുടെ സുന്നത്തിനോടും വലിയ പ്രണയ മായിരുന്നു. അദ്ദേഹത്തിന്റെ ആരാധനകൾ ഒരിക്കലും ഖുർആനും സുന്നത്തിനും അപ്പുറ മായിരുന്നില്ല.

നമസ്കാരം കൂടാതെ ഖുർആൻ പാരായണം, സ്വലാത്ത്, ഇസ്തിഗ്ഫാർ എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ദിനചര്യകളിലുള്ള ദിക്റുകൾ. ഖുർആനോട് പ്രണയമായിരുന്നു, രാവും കലും ഇരിക്കുമ്പോഴും നടക്കുമ്പോഴും അത് ഓതുമായിരുന്നു, പൊട്ടിക്കരയുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മസ്ജിദിൽ പോകാൻസാധിക്കാത്തഅവസരങ്ങളിൽവീട്ടിൽ വച്ച് തന്നെ ജമാഅത്ത് നടത്താറുണ്ടായിരുന്നു. മിക്കവാറും അമ്മാ ജാനെ കൂട്ടി ജമാഅത്തായി നമസ്ക്കരിക്കും.

യഅ്ഖൂബ് അലി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സംഭവം വിവരിക്കുന്നു: അദ്ദേഹം വളരെ ചെറിയ പ്രായമായിരിക്കുമ്പോൾ തന്റെ കൂടെ കളിച്ചിരുന്ന ഒരു പെൺകുട്ടി യോട് (പിന്നീട് അദ്ദേഹം അവരെ വിവാഹം കഴിച്ചു) ഇപ്രകാരം പറയുമായിരുന്നു: 'അല്ലാഹു എനിക്ക് നമസ്കാരത്തിനുള്ള സൗഭാഗ്യമേകാൻ പെണ്ണേ നീ ദുആ ചെയ്യു.' കുട്ടിക്കാലത്തെ ഈ വാചകത്തിൽനിന്ന് അദ്ദേഹത്തിന്റെ ഹൃദയത്തിൽ എത്രമാത്രം വികാരങ്ങൾ അലയടിച്ചിരുന്നുവെന്നും അദ്ദേഹത്തിന്റെ ആഗ്രഹങ്ങളുടെ കേന്ദ്രം അല്ലാഹു മാത്രമായിരുന്നുവെന്നു മനസ്സിലാക്കാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഞാൻ കുട്ടിക്കാലം മുതൽ നോമ്പ് നോറ്റ് ശീലിച്ചവനാണ്. ഒരിക്കൽ കുട്ടിക്കാലത്ത് ഇരുപത്തിയൊമ്പതു നോമ്പുകൾ പൂർത്തിയാക്കി. ആ ദിവസം എനിക്ക് സന്തോഷ പെരുന്നാളായിരുന്നു. ഓരോ പഴത്തിനും പ്രത്യേക രുചിയുള്ളതുപോലെ ഓരോ ആരാധനയ്ക്കും പ്രത്യേക ലഹരിയുണ്ട്. ഈ ആരാധനകളിൽ ആത്മീയതയുണ്ട്. അത് വിവരണാതീതമാണ്. ആരാധനയിൽ മനുഷ്യന്റെ ആത്മാവ് ഉരുകി ജലസമാനം ഒഴുകി അല്ലാഹുവുമായി ചേരണം.

പീർ സിറാജുൽ ഹഖ് നുഅ്മാനി സാഹിബ് വിവരിക്കുന്നു:ഒരിക്കൽഖാദിയാനിയായമിയാൻ ജാൻ മുഹമ്മദ് സാഹിബ് വഫാത്തായി. മർഹൂം ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് അങ്ങേയറ്റം ആത്മാർഥതയും സ്നേഹവും വച്ചുപുലർത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെജനാസ നമസ്കാരത്തിന് നേതൃത്വം നല്കി. നമസ്കാരം ഒരുപാട് നീണ്ടുപോയി, ഞങ്ങളുടെ കാലുകൾക്കും കൈകൾക്കും വേദന അനുഭവപ്പെട്ടു. നമസ്കാരം കഴിഞ്ഞപ്പോൾ ഒരാൾചോദിച്ചു: 'ഹുസൂർ! നമസ്കാരം ഒരുപാട് നീണ്ടുപോയല്ലോ, ഞങ്ങൾ തളർന്നുപോയി,അങ്ങയുടെ അവസ്ഥ എന്തായിരിക്കും?'ഹദ്റത്ത്മസീഹ്മൗഊദ്(അ) പറഞ്ഞു: തളർച്ചയുമായി നമുക്ക് എന്ത് ബന്ധം? നാം അല്ലാഹുവിനോട് പ്രാർഥിക്കുകയായിരുന്നു. ആ മർഹൂമിനായി മാപ്പിരക്കുകയായിരുന്നു. ഭിക്ഷു എപ്പോഴെങ്കിലും തളരുമോ? ചോദിച്ചു മടുക്കുന്നവൻ പിന്നിലായിപ്പോകും. നാം ചോദിക്കുന്നവരും അവൻ നല്കുന്നവനുമാണ്, പിന്നെങ്ങനെ തളരാനാണ്? ഒരല്പം പ്രതീക്ഷയുള്ളിടത്ത് പോലും യാചകൻ ഉറച്ചുനിൽക്കും.

ഇത്തരം ചിന്തയോടെ നമസ്കാരങ്ങൾ നിർവഹിക്കാൻ അല്ലാഹു നമുക്കും തൗഫിഖ് നല്കട്ടെ. അല്ലാഹുവിന്റെയും റസൂലിന്റെയും കല്പന പ്രകാരം നമസ്കരിക്കുമെന്ന കരാറിലാണല്ലോ നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബൈഅത്ത് സ്വീകരിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഓർത്തുകൊണ്ട് അവനെ സ്തുതിച്ചു നമസ്കരിക്കാൻ അല്ലാഹു നമുക്ക് തൗഫിഖ് നല്കട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് നമസ്കാരത്തിന് ശേഷം രണ്ടു ഗാഇബ് ജനാസകൾ നമസ്കരിപ്പിക്കുമെന്ന് അറിയിക്കുകയും മർഹൂമീങ്ങൾക്ക് മഗ്ഫിറത്തും ഉന്നത പദവികളും ലഭിക്കാൻ ദുആ ചെയ്യുകയും ചെയ്തു.

ا

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۤءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاۤءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 13.02.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY AMNAS PK

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516